# പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-2026

എ.എം.എൽ.പി.എസ്

മനക്കര ശാസ്താംകോട്ട

# ആമുഖം

50 വർഷം പഴക്കമുള്ള മങ്കര ജി. എം. എൽ. പി സ്കൂൾ ശിരസ്സാംകോട്ട മങ്കര പ്രദേശത്തിന് എന്നും അഭിമാനമായി നിലകൊള്ളുന്നു. പ്രദേശത്തിന്റെ വിദ്യാഭ്യാസ-സാംസ്കാരിക സാമൂഹിക രംഗത്ത് സ്ഥാപനം എന്നും അതിന്റേതായ കടമ കൃത്യമായി നിർവ്വഹിച്ചു പോരുന്നു

ഈ സ്ഥാപനത്തിൽ പ്രീപ്രൈമറി മുതൽ നാല് വരെ ക്ലാസുകളിലായി 60.ഓളം കുട്ടികൾ പഠനം നടത്തുന്നു 5 സ്ഥിരാധ്യാപകർ ഉൾപ്പെടെ 8 ജീവനക്കാർ സേവനം ചെയ്യുന്നു സ്കൂളിലെ പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിന് PTA പഞ്ചായത്ത്, ARO BRC തുടങ്ങി വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവർ എന്നും മനസ്സോടെ യത്നിക്കുന്നു

വിദ്യാലയത്തിന്റെ പേര്:- എ. എം. എൽ. പി സ്കൂൾ
മനക്കര

സ്കൂൾ കോഡ് :- 39502

എ. ഇ. ഒ :- ശാസ്താംകോട്ട

ബി. ആർ. സി :- ശാസ്താംകോട്ട

സി. ആർ. സി :- പനപ്പെട്ടി



# വിദ്യാലയം മികവിന്റെ കേന്ദ്രം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ഉദ്ദേശ്യത്തോട് കൂടി നിരവധി പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ നടക്കുന്നു. ചുവടുപിടിച്ചു ശാസ്താംകോട്ട മനക്കര എ.എം.എൽ.പി.എസ് ഉം ദീർഘകാലാടിസ്ഥാനത്തിലും, ഹ്രസ്വകാലാടിസ്ഥാനത്തിലും നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. അക്കാദമികവും, ഭൗതികവും, സാമൂഹികവുമായ മാറ്റങ്ങളിലൂടെ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുതകുന്ന പ്രവർത്തനങ്ങൾ 2025-2030 ഓടുകൂടി നടപ്പാക്കും. എന്നതാണ് നമ്മുടെ ലക്ഷ്യം.

# ദീർഘകാലാടിസ്ഥാനത്തിലുള്ളവ

2025 ആകുമ്പോഴേക്കും വിപുല-അക്കാദമിക പ്രവർത്തനങ്ങൾക്കുള്ള വിപുല-സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്. കുട്ടികളുടെ-എണ്ണം കൂട്ടുന്നതിനനുസരിച്ച് ക്ലാസ് മുറികളുടെ-എണ്ണം കൂട്ടേണ്ടതാണ്. അതു പോലെ റീഡിംഗ് റൂം ലൈബ്രറി, കമ്പ്യൂട്ടർ ലാബ് എന്നിവയും ജൈവവൈവിധ്യ പാർക്ക്, കുട്ടികളുടെ പാർക്ക്, വിശാലമായ അടുക്കള, ഡൈനിംഗ് റൂം, എന്നിവയും കൂടുതൽ ടോയ്‌ലറ്റ്, സൗകര്യവും ഉണ്ടാക്കേണ്ടതുണ്ട്.

# ഹ്രസ്വകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ

അക്കാദമിക് പ്രവർത്തനങ്ങൾക്കാണ് ഈ മേഖലയിൽ നാം ഊന്നൽ നൽകുന്നത്. മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകൾ അനായാസം കൈകാര്യം ചെയ്യാനുള്ള കഴിവ് കുട്ടി നേടുന്നു. എന്ന് ഉറപ്പ് വരുത്തുന്നതിനോടൊപ്പം ഗണിത ക്രിയകൾ (ചതുഷ്ക്രിയകൾ) കുട്ടി നേടേണ്ടതാണ്.

ശാസ്ത്രാവബോധം വളർത്തുന്നതിനായി ശാസ്ത്ര ലാബ് നിർമ്മാണം, സയൻസ് കോർണർ, ലഘു പ്രോജക്ടുകൾ നിർമ്മിക്കുക. ആധുനിക സയൻസ് ജേർണലുകൾ പരിചയപ്പെടുത്തുകയും ചെയ്യുന്നു. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രാപ്തരാക്കുന്നതിനും ജനാധിപത്യ സംസ്കാരം വളർത്തിയെടുക്കുന്നതു വഴി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റാം. കൂടാതെ കുട്ടികളുടെ കായികാരോഗ്യക്ഷമത ഉറപ്പ് വരുത്തുകയും വിദ്യാലയ പരിസരം മാലിന്യമുക്തമാക്കുന്നതിനും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് മറ്റെല്ലാ കുട്ടികൾക്കും ലഭിക്കുന്ന പരിഗണന ഉറപ്പാക്കുന്നതിനും വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കും.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ലക്ഷ്യങ്ങൾ - മേഖല - മലയാളം

1. മലയാള ഭാഷാശേഷികൾ, സവിശേഷ വൈഭവങ്ങളുമുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുന്നു.
2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ മലയാള ഭാഷാപഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
3. ശരിയായ ഉച്ചാരണത്തോടെ മലയാള ഭാഷ സംസാരിക്കാനും കേട്ട് മനസിലാക്കാനുമുള്ള കഴിവ് വികസിപ്പിക്കുക.
4. മികച്ച വായനാശീലം മലയാള ഭാഷയിൽ വികസിപ്പിക്കുക.
5. മലയാള ഭാഷാപഠന ശേഷി വികസിപ്പിക്കുക
6. മലയാള ഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനും ആവിഷ്കരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക.

# മികവിനായി ഏറ്റെടുക്കേണ്ട മറ്റ് പ്രവർത്തനങ്ങൾ

## ഒറ്റനോട്ടത്തിൽ - വിദ്യാലയം മികവിന്റെ കേന്ദ്രം - വിഷൻ

**മേഖല - അക്കാദമികം**

**ഉപമേഖല - ഭാഷാപഠനം**

**ലക്ഷ്യങ്ങൾ**

1. എല്ലാകുട്ടികളും അർത്ഥപൂർണമായി വായിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.
2. ഭാഷാവികസനത്തിന് ആധുനിക സാങ്കേതികവിദ്യ

**നടത്തുന്ന പ്രവർത്തനങ്ങൾ**

എല്ലാകുട്ടികൾക്കും വായിക്കാനുള്ള കഴിവ് വികസിപ്പിക്കൽ. ഇതിനായി വായനാസാമഗ്രികൾ നൽകൽ ദിവസവും പത്രം വ്യക്തിഗതമായും ഗ്രൂപ്പായും വായിക്കൽ ആഴ്ചതോറും ലൈബ്രറി പുസ്തകം നൽകി വായനാകുറിപ്പ് തയ്യാറാക്കൽ, അവതരിപ്പിക്കൽ കുട്ടികളുടെ ആകാശവാണി (ഉച്ച വാർത്ത തയ്യാറാക്കി അവതരിപ്പിക്കൽ)

**ഭാഷാവികസനത്തിന് ആധുനികസാങ്കേതികവിദ്യ**

മലയാളം കമ്പ്യൂട്ടറിങ്ങ് സ്കൂളിലെ മുഴുവൻ കുട്ടികളെയും പഠിപ്പിക്കൽ

ചുമതല - ക്ലാസ്ടീച്ചർ

## ഉപമേഖല - ഇംഗ്ലീഷ് ഭാഷാപഠനം

### ലക്ഷ്യം

1. എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള കഴിവ്.

### നടത്തുന്നപ്രവർത്തനങ്ങൾ

പ്രീടെസ്റ്റ് നടത്തി നിലവാരം കണ്ടുപിടിക്കൽ
ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷിലുള്ള അസംബ്ലി, പ്രാർത്ഥന, പ്രതിജ്ഞ, വാർത്ത, വായന നടത്തൽ
1 മുതൽ 4 വരെ ക്ലാസുകളിലേക്കുള്ള ഡിക്ഷണറി നിർമ്മാണം. ആഴ്ചയിൽ ഒരു ദിവസം Spoken English, Making Sentence, Spelling champion, നെ കണ്ടെത്തൽ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നു.

## ഉപമേഖല - ഗണിതം

### ലക്ഷ്യം

അടിസ്ഥാന ഗണിത ക്രിയകൾ (ചതുഷ്ക്രിയകൾ) സ്കൂളിലെ എല്ലാകുട്ടികളെയും പഠിപ്പിക്കൽ.
പ്രായോഗിക പ്രശ്ന പരിഹരണ ശേഷി വളർത്തൽ
ഗണിത മാസിക തയ്യാറാക്കൽ

## ഉപമേഖല - ഐ.സി.ടി സാധ്യത

കമ്പ്യൂട്ടർ, ഇന്റർനെറ്റ്, തുടങ്ങിയ ഐ.സി.ടി സാധ്യതകൾ കൂടുതലായി ഉപയോഗിക്കുക.

## ഉപമേഖല- ആരോഗ്യ കായിക വിദ്യാഭ്യാസം

**ലക്ഷ്യങ്ങൾ:-** ആരോഗ്യശീലങ്ങൾ വളർത്തുക, കായികാരോഗ്യ ക്ഷമത വളർത്തുക.

## ഉപമേഖല-1. ഹരിതപരിസരം

- ജൈവവൈവിധ്യ പാർക്ക്
- ജൈവ പച്ചക്കറിത്തോട്ടം
- ഔഷധ സസ്യത്തോട്ടം
- ശാസ്ത്രപതിപ്പ് നിർമ്മാണം
- ശാസ്ത്ര ക്വിസ്

## 2. സൗന്ദര്യവത്കരണം

- പൂന്തോട്ടം
- കുട്ടികളുടെ പാർക്ക്
- പുതിയ കെട്ടിടം നിർമ്മിക്കൽ

## 3. ഭൗതികസൗകര്യങ്ങൾ

- സ്ഥലസൗകര്യമുള്ള ക്ലാസ് മുറികൾ
- അടുക്കള, ഡൈനിംഗ് ഹാൾ
- ലൈബ്രറി, റീഡിംഗ് റൂം

## പ്രവർത്തനം

ആരോഗ്യ പ്രവർത്തകരെക്കൊണ്ട് സ്കൂൾ ആരോഗ്യ പഠന ക്ലാസ്സുകൾ നടത്തുന്നു.

## ഉപമേഖല - പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ പരിഗണിക്കൽ

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനായി നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.

## ചുമതല

ക്ലാസ് ടീച്ചർ

## മേഖല - അനുയോജ്യവും ആകർഷകവുമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കൽ

## ലക്ഷ്യങ്ങൾ

സുന്ദരവും സുരക്ഷിതവുമായ ഭൗതികാന്തരീക്ഷം സൃഷ്ടിക്കൽ

സമൂഹത്തിന്റെ മാറിവരുന്ന സൗന്ദര്യബോധം പ്രതിഫലിക്കുന്ന കെട്ടിടങ്ങൾ.

| Sl No | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | സാമഗ്രികൾ | സാമ്പത്തികം | സ്രോതസ്സ് | പിന്തുണ സംവിധാനം | മേൽനോട്ടം |
|---|---|---|---|---|---|---|---|---|---|
| | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | | | | | | | | |
| 1. | മികവിന്റെ വഴിയിൽ<br>പ്രീടെസ്റ്റ്, അക്ഷരം ഉറപ്പിക്കൽ, ചിഹ്നം ഉറപ്പിക്കൽ, അക്ഷര കാർഡ് നിർമ്മിക്കൽ, വാക്യങ്ങൾ നിർമ്മിക്കൽ, കൂട്ടത്തിലെ വാക്കുകൾ ചേർത്ത് വാക്യം എഴുതൽ. ഒരു അപൂർണ്ണവാക്യം പൂരിപ്പിച്ച് പൂർത്തിയാക്കൽ, ഒരു നിശ്ചിത പദം വാക്യത്തിൽ പ്രയോഗിച്ച് എഴുതൽ വാക്കുകൾ എഴുതിയ കാർഡ്, ചിത്രം - കഥ പറയൽ | 1 മുതൽ 4 വരെ | ഹ്രസ്വകാലം<br>3 മാസം | അധ്യാപകർ | പേപ്പർ | 2000 | പഞ്ചായത്ത്<br>SSA | SRG<br>SSA<br>PTA | PTA<br>SRG |
| 2) | വായനാവസന്തം.<br>കുട്ടിയെ മികച്ച വായനക്കാരനാക്കുക, വായനാമുറി നിർമ്മാണം, ക്ലാസ് വായനക്കൂട്ടം. | | മധ്യകാലം<br>8 മാസം | അധ്യാപകർ | അലമാര<br>പുസ്തകം | 50000 | BRC<br>പഞ്ചായത്ത്<br>MLA ഫണ്ട്<br>PTA | SRG<br>SSA<br>PTA<br>പഞ്ചായത്ത് | PTA<br>SRG |

| Sl No | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | സാമഗ്രികൾ | സാമ്പത്തികം | സ്രോതസ്സ് | പിന്തുണ സംവിധാനം | മേൽനോട്ടം |
|---|---|---|---|---|---|---|---|---|---|
| | **ക്ലാസ് ലൈബ്രറി നിർമ്മാണം**<br>ഓരോ ക്ലാസിലും ഓരോ ഷെൽഫിൽ പുസ്തകം വയ്ക്കൽ, രജിസ്റ്ററിൽ ചേർത്ത് പുസ്തകം എടുത്തു വായിക്കൽ, അമ്മവായന | | മധ്യകാലം | | | | | | |
| 3 | **കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക**<br>എഴുത്തുത്സവം.<br>എഴുത്തുകൂട്ടം രൂപീകരണം പുസ്തകചർച്ച, വായനക്കുറിപ്പ് തയാറാക്കൽ, പതിപ്പ്, ചുവർ പത്രിക, ആശംസാ കാർഡ് തയാറാക്കൽ, മാസത്തിലൊരിക്കൽ ഓരോ കുട്ടിയെയും കഥ-കവിത, ചിത്ര രചനകൾ, എഴുത്തുകൾ മെച്ചപ്പെടുത്തൽ, ഓരോ കുട്ടിയും രചനകൾ മാറി എഴുതൽ മെച്ചപ്പെടുത്തൽ, മാർച്ച് മാസത്തിൽ പുസ്തകം ആക്കൽ<br>ബാലസഭ കൂടൽ<br>ഭാഷാ ക്ലബ്ബ്, ചിത്രവായന | ദീർഘകാലം | ദീർഘകാലം 1 മുതൽ 4 വർഷം | അധ്യാപകർ | പോസ്റ്റർ ചാർട്ട് | 15000 | സന്നദ്ധ സംഘടനകൾ PTA SSA | SRG SSA PTA | PTA SRG |

# English

## Objectives / aims

1. Enable to develop the communication skill in all students.
2. Enable to read, write and speak english.
3. Enable the students to enjoy the rhymes and stories.
4. Enable the students to read the lesson fluency.
5. Enable the students to read the sentence with proper pronouncation.
6. Ensure to aquire the learning outcomes in each class.

| Sl No | Activity | Class | Time Duration Period | Supporters | Things | finance | Source | Supporters | Guidance |
|---|---|---|---|---|---|---|---|---|---|
| 1. | Making sentences.<br>1. Making a meaningfeul sentence to arrange from jumbled words in a sentence<br>2. Make a complete sentence by fill up in an incomplete sentence.<br>3. Make a meaningfeul sentence by using an instructed words | 1-4 | short term 3 months | Teacher | Paper chart. | 3000 | SSA PTA | SRG SSG PTA Panchayath | PTA SRG |
| 2 | Reading test.<br>1 English Newspaper reading a day in a week in school assembly | — | 8 months Mid term | Teacher | English Newspaper | 2500 | SSA | SRG SSA PTA | SRG |
| 3 | Who is the spelling champion? selection words through SRG dictation writing in ones a month, there will be class selection in every month. | 1-4 | 1 year 1. | Teacher | Paper chart | 1000 | SSA | SRG SSA PTA Panchayath | PTA SRG |

# മേഖല - ഗണിതം

## ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികൾക്കും ഗണിത ബോധം വളർത്തിയെടുക്കുക.

2, സംഖ്യകൾ തിരിച്ചറിയൽ, നിത്യജീവിതത്തിനാവശ്യമായ അടിസ്ഥാന ഗണിതം അറിയാൻ പ്രോത്സാഹിപ്പിക്കുക.

3, ചതുഷ്ക്രിയകളിൽ അറിവുണ്ടാക്കുക.

4, Mental Maths ചെയ്യാനുള്ള കഴിവുവളർത്തിയെടുക്കുക.

| Sl No | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | സാമഗ്രികൾ | സാമ്പത്തികം | സ്രോതസ്സ് | പിന്തുണ സംവിധാനം | മേൽനോട്ടം |
|---|---|---|---|---|---|---|---|---|---|
| 1. | **ചതുഷ്ക്രിയകൾ ഉറപ്പിക്കൽ**<br>അബാക്കസ് ഉപയോഗിച്ച് ചതുഷ്ക്രിയകൾ ഉറപ്പിക്കൽ, സങ്കലനപട്ടിക, ഗുണനപട്ടിക ഇവ ഉപയോഗിച്ച് ചതുഷ്ക്രിയകൾ ഉറപ്പിക്കൽ. സംഖ്യാ കാർഡ് ഉപയോഗിച്ചുള്ള കളികളിലൂടെ ചതുഷ്ക്രിയകൾ ഉറപ്പിക്കൽ. | 1-4 | ഹ്രസ്വകാലം 3 മാസം | അദ്ധ്യാപകർ | പേപ്പർ<br>സംഖ്യാ കാർഡ്<br>ചാർട്ട്<br>മാർക്കർ | 3000 | SSA<br>PTA | SSG<br>PTA<br>പഞ്ചായത്ത് | BRC<br>PTA<br>SRG |
| 2. | **പ്രശ്ന പരിഹാര ശേഷി**<br>ഓരോ ക്ലാസിലും ഓരോ യൂണിറ്റിലുള്ളതും ബന്ധപ്പെട്ടതുമായ പ്രായോഗിക പ്രശ്നം ചുവർ ബോർഡിലോ, ചാർട്ടിലോ ആഴ്ചയിലൊരിക്കൽ വീതം എഴുതിയിടൽ, കുട്ടികൾക്ക് സ്വയം ചെയ്യാൻ അവസരം നൽകൽ പേപ്പറിൽ എഴുതൽ, വെച്ചുപ്പെടുന്നൽ പെട്ടാക്കൽ | 1-4 | മധ്യകാലം 8 മാസം | അദ്ധ്യാപകർ | പേപ്പർ<br>ചാർട്ട്<br>മാർക്കർ<br>ചുവർ - ബോർഡ് | 2500 | SSG<br>PTA<br>പഞ്ചായത്ത് | SSG<br>PTA | BRC<br>PTA<br>SRG |

| Sl No | പ്രവർത്തനം | ക്ലാസ് | കാലം | ചുമതല | സാമഗ്രികൾ | സാമ്പത്തികം | സ്രോതസ്സ് | പിന്തുണ സംവിധാനം | മേൽനോട്ടം |
|---|---|---|---|---|---|---|---|---|---|
| 3 | **ഗണിത മാസിക തയാറാക്കൽ.** ഗണിതവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും (അതാത് യൂണിറ്റിലുള്ളത്) പേപ്പറിൽ എഴുതുന്നു. ഓരോ യൂണിറ്റ് തീരുമ്പോൾ ശേഖരിക്കുന്നു. മെച്ചപ്പെടുത്തുന്നു. മാർച്ചിൽ പുസ്തകമാക്കുന്നു. | 1-4 | ദീർഘകാലം 1-5 മാസം | അധ്യാപകർ | പേപ്പർ ചാർട്ട് മാർക്കർ | 2000 | SSA | SSG PTA രക്ഷിതാക്കൾ. | BRC PTA |
| | | | | | | | | | |

## മേഖല - പരിസര പഠനം

### ലക്ഷ്യങ്ങൾ

* നിരീക്ഷണ പരീക്ഷണങ്ങളിലൂടെ കുട്ടികളിൽ ശാസ്ത്രാവബോധം വളർത്താൻ

* ആസ്വാദ്യകരവും രസപ്രദവും ജിജ്ഞാസ ഉളവാക്കുന്നതുമായ രീതിയിൽ ശാസ്ത്ര പഠനം നടത്തുന്നു.

* ചുറ്റുപാടുമുള്ള മാറ്റങ്ങളെ ലളിതമായ പരീക്ഷണങ്ങളിലൂടെ അനുഭവമാക്കിയും ശാസ്ത്ര പഠനത്തിന്റെ ലാളിത്യം ഉചിതമായ തന്ത്രങ്ങളിലൂടെ ബോധ്യപ്പെടുത്തിയും നിരീക്ഷികളിലൂടെയും തരംതിരിക്കലിലൂടെയും നിഗമനം രൂപീകരിക്കുന്നതിലുമൊക്കെയുള്ള ശേഷികൾ വികസിപ്പിക്കുന്നു.

* പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുവാനുള്ള മനോഭാവം വളർത്തൽ

* പരിസര ശുചിത്വത്തിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം വളർത്തുക.

* എല്ലാ സ്കൂൾ അസംബ്ലിയിലും കുറഞ്ഞത് ഒരു ലഘു പരീക്ഷണം. ഈ അധ്യയന വർഷത്തിൽ കുറഞ്ഞത് 100 പരീക്ഷണം നടത്തുക.

| Sl No | പ്രവർത്തനം | ക്ലാസ് | കാലം | ചുമതല | സാമഗ്രികൾ | സാമ്പത്തികം | പിന്തുണ സംവിധാനം | സ്രോതസ്സ് | മേൽനോട്ടം |
|---|---|---|---|---|---|---|---|---|---|
| 1. | **ശാസ്ത്ര ക്വിസ്**<br>ഓരോ ദിവസവും അസംബ്ലിയിൽ ശാസ്ത്ര സംബന്ധമായ ഉത്തരം വരുന്ന ശാസ്ത്ര ക്വിസ് 10 എണ്ണം വീതം തയാറാക്കി അവതരണം ഫ്ലെക്സ് ബോർഡിൽ ചോദ്യങ്ങൾ എഴുതിയ - പേപ്പർ ഒട്ടിക്കൽ. എല്ലാ ക്ലാസിനും എഴുതിയെടുക്കാൻ അവസരം നൽകൽ. | 1-4 | ഹ്രസ്വ കാലം 3 മാസം | അധ്യാപകർ | പൊതു-വിജ്ഞാനപുസ്തകം പേപ്പർ മൊട്ടുസൂചി | 5000 | | SSA | PTA SSG |
| 2. | **ശാസ്ത്ര പതിപ്പ് നിർമ്മാണം.**<br>ഓരോ ക്ലാസിലും ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനമായ ചിത്രം, വിവരണം, കുറിപ്പുകൾ, ചോദ്യാവലികൾ ഇവ ചേർത്ത് മാർച്ചിൽ ഒരു പുസ്തകമാക്കുന്നു. | | 9 മാസം മധ്യകാലം | അധ്യാപകർ | പേപ്പർ ദിനപ്പത്രം ചാർട്ട് | 3000 | SSG PTA പഞ്ചായത്ത് | സന്നദ്ധ സംഘടന | PTA SSG |

| ക്ര. No | പ്രവർത്തനം | ക്ലാസ് | കാലം | ചുമതല | സാമഗ്രികൾ | സാമ്പത്തികം | സ്രോതസ്സ് | പിന്തുണ സംവിധാനം | മേൽനോട്ടം |
|---|---|---|---|---|---|---|---|---|---|
| 3. | ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം. | | | | | | | | |
| | തൈ, വിത്ത്, കിഴങ്ങ് ശേഖരണം, നടീൽ പരിപാലനം, ജൈവ [illegible], [illegible] ഒട്ടിക്കൽ, സസ്യശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾക്കാവശ്യമായ പാഠ്യ പദ്ധതി സൂചിപ്പിക്കുന്ന മുഴുവൻ സസ്യങ്ങളെയും സ്കൂൾ കോമ്പൗണ്ടിൽ വച്ചു പിടിപ്പിക്കൽ. | 1-4 | 1 വർഷം | SRG PTA | തൈകൾ കമ്പുകൾ വിത്തുകൾ ചട്ടി പണിയായുധങ്ങൾ കമ്പി. | 20000 | പഞ്ചായത്ത്. MLA ഫണ്ട് BRC | PTA SSG SRG | PTA അദ്ധ്യാപകർ SSA |

# പ്രതീക്ഷിത നേട്ടങ്ങൾ

1. പ്രൈമറി ക്ലാസ്സിലെ എല്ലാ കുട്ടികളും എഴുതാനും വായിക്കാനും പഠിക്കാൻ
2. ഇംഗ്ലീഷ് ആശയവിനിമയം സങ്കോചം കൂടാതെ നടത്താൻ
3. ഗണിത ക്രിയകൾ (ചതുഷ്ക്രിയകൾ) ഉറപ്പാക്കാൻ.
4. ഓരോ കുട്ടിയും ഓരോ ശാസ്ത്രജ്ഞരായി-മാറൽ
5. സമൂഹത്തിലെ മാറ്റങ്ങളെ ഉൾക്കൊള്ളാനുള്ള കഴിവുണ്ടാക്കൽ.
6. വ്യായാമം, യോഗ ഇവ പരിശീലിപ്പിച്ച് ആരോഗ്യ കായിക ക്ഷമത ഉണ്ടാക്കൽ.
7. വിവര സാങ്കേതിക വിദ്യയിൽ അവബോധം നേടാൻ
8. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ മുഖ്യധാരയിൽ എത്തൽ.

## മോണിട്ടറിംഗ് രീതി.

വാർഡ് മെമ്പർ കൺവീനറായ ഒരു ഗ്രൂപ്പാണ് ഈ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. ഇതിന് സ്കൂളിലെ മുഴുവൻ ജീവനക്കാരും, PTA യെയും പൂർവ്വ വിദ്യാർത്ഥികളും പ്രവർത്തിക്കുന്നു. പഞ്ചായത്ത് BRC, AEO എന്നിവയും ഇതിൽ പങ്കാളികളാണ്.